(ഇ) പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും യു.ഡി ക്ലർക്കായി ഏറ്റവുമൊടുവിൽ പ്രൊമോഷൻ നൽകിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ;

(എഫ്) യു.ഡി ക്ലർക്കുമാരായി ഇനിയും എത്രപേരെ അടുത്ത ലിസ്റ്റിൽ പ്രൊമോട്ടു ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നും അവരുടെ പേരു വിവരവും സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള തീയതിയും പ്രൊമോഷന് അർഹമായ ടെസ്റ്റ് പാസായ തീയതിയും ഉൾപ്പെടുന്ന വിവരങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) താരതമ്യേന കുറവാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് മാത്രമേ പ്രൊമോഷൻ നൽകാൻ സാദ്ധ്യമാകൂ. ആയതിനാൽ ഇതിൽ പ്രത്യേക നടപടി ആവശ്യമില്ല.

(സി&ഡി) സമയബന്ധിതമായി പ്രൊമോഷൻ നൽകുവാൻ നിലവിൽ വ്യവസ്ഥയില്ല. എന്നാൽ പത്ത് വർഷത്തിലധികം ഒരേ തസ്തികയിലിരിക്കുന്ന വർക്ക് പത്തുവർഷത്തെ സേവനം പൂർത്തിയാകുമ്പോൾ ഗ്രേഡ് നൽകുവാൻ വ്യവസ്ഥ നിലവിലുണ്ട്.

(ഇ) 6-1-2000-ലെ ഡി.പി.ഐയുടെ ഉത്തരവ് നമ്പർ 55923/97/ ഡി.പി.ഐ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു.*

(എഫ്) 10-5-2000 വരെ 29 യു.ഡി ക്ലർക്കുമാരുടെ ഒഴിവ് ഉണ്ട്. ഈ ഒഴിവുകളിലേയ്ക്ക് അർഹതയുള്ളവരെ പ്രമോട്ടു ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു. അവരുടെ വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**തമിഴ് മീഡിയത്തിൽ എസ്.എസ്. എൽ.സി.ക്ക് കൂടുതൽ മാർക്ക് വാങ്ങിയ വിദ്യാർത്ഥി**

40(440) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ തമിഴ്മീഡിയത്തിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മാർക്ക് നേടി വിജയിച്ച കുട്ടിയുടെ പേരും വാങ്ങിയ മാർക്കും വിദ്യാലയത്തിന്റെ പേരും ജില്ലയും വെളിപ്പെടുത്തുമോ ;

(ബി) തമിഴ് രണ്ടാം ഭാഷയായി പഠിച്ച് ഏറ്റവും കൂടുതൽ മാർക്ക് നേടിയ വിദ്യാർത്ഥിയുടെ പേരും മാർക്കും സ്കൂളിന്റെ പേരും ജില്ലയും വെളിവാക്കുമോ ?

ഉത്തരം

(എ) ഭഗത്കുമാർ.ബി, രജി:നമ്പർ.407337 ഗവ: തമിഴ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ, ചാല തിരുവനന്തപുരം, മാർക്ക് : 556

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് രണ്ടാം ഭാഷയായി ഇംഗ്ലീഷ് പേപ്പർ ഒന്നും പേപ്പർ രണ്ടും മാത്രമാണ് നിലവിലുള്ളത്.

**നാടാർ- മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ്**

41(441) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. വി. എ. മജീദ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നാടാർ-മുസ്ലീം വിദ്യാർത്ഥിനികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് തുക ഓരോ അദ്ധ്യായനവർഷവും ആരംഭിക്കുമ്പോൾ തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ ഇനത്തിൽ കുടിശ്ശികതുക എത്ര എന്ന് വെളിപ്പെടുത്താമോ ;

(സി) ഈ തുക വിതരണം ചെയ്യുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ഇനത്തിൽ ഏകദേശം അഞ്ചുകോടി ഏഴുലക്ഷം രൂപ കുടിശ്ശികയുണ്ട്.

(സി) നാടാർ, മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് വിതരണത്തിനായി 236 ലക്ഷം രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. കുടിശ്ശികയുടെ ഒരുഭാഗം ഇതിൽനിന്നും വിതരണം ചെയ്യുന്നതാണ്. ബാക്കി വേണ്ടിവരുന്ന തുക അഡീഷണൽ ആതറൈസേഷൻ വഴി കണ്ടെത്തുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

**റെഡ്ക്രോസ് ക്ലബ്ബുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ**

42(442) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ റെഡ്ക്രോസ് ക്ലബ്ബുകൾ സഥാപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ റെഡ്ക്രോസ് ക്ലബുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) റെഡ്ക്രോസ് ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും വിപുലവുമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly